# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5895**

**19.11.2019 ൽ മറുപടിക്ക്**

### കുറ്റ്യാടി നാളികേര പാർക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കുറ്റ്യാടി നാളികേര പാർക്കിനു വേണ്ടി കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച രൂപരേഖ അനുസരിച്ച് 42 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | സർക്കാർ ഉത്തരവ് നം. G.O. (Rt)No.1174/2014/ID തീയതി 16.10.2014 പ്രകാരം കുറ്റ്യാടി നാളികേര പാർക്കിനു വേണ്ടി 42 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) | ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരം സംബന്ധിച്ച് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 16.12.2016 ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ലാന്റ് അക്വിസിഷൻ നടപടികൾ കോടതി ശരിവയ്ക്കുകയും ഭൂമിക്ക് മുൻപ് നിശ്ചയിച്ച വില നിലനിർത്തുകയും ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കുറ്റ്യാടി നാളികേര പാർക്കിനു വേണ്ടി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ട പരിഹാരം സംബന്ധിച്ച് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ 16.12.2016 ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ലാൻഡ് അക്വിസിഷൻ നടപടികൾ കോടതി ശരിവയ്ക്കുകയും ഭൂമിക്ക് മുൻപ് നിശ്ചയിച്ച വില നിലനിർത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | എന്നാൽ ഇംപ്രൂവ്മെന്റിന് GO (Rt) No. 331/2004/RD തീയതി 15.11.2004 പ്രകാരം വില പുതുക്കി നിശ്ചയിച്ച് മൂന്നു മാസത്തിനുള്ളിൽ നഷ്ടപരിഹാരം നൽകാൻ കോടതി നിർദ്ദേശിച്ചിരുന്നോ എന്ന് അറിയിക്കുമോ; | (സി) & (ഡി) | 15.11.2004 ലെ GO (Rt) No. 331/2004/RD പ്രകാരം ഇംപ്രൂവ്മെന്റിന്റെ വില പുതുക്കി നിശ്ചയിച്ച് മൂന്ന് മാസത്തിനുള്ളിൽ നഷ്ട പരിഹാരം നല്കാൻ കോടതി നിർദ്ദേശിച്ചിരുന്നു. അപ്രകാരം കോടതി നിർദ്ദേശിച്ച എല്ലാ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത് സംബന്ധമായ മുഴുവൻ നടപടികളും ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ഇ) | ബാധകമല്ല |

| | | | |
|---|---|---|---|
| (എഫ്) | ഇതൊഴികെ കുറ്റ്യാടി നാളികേര വികസന പാർക്ക് സംബന്ധിച്ച് ഏതെങ്കിലും കോടതിയിൽ എന്തെങ്കിലും കേസ് നിലനിൽക്കുന്നുണ്ടോ; | (എഫ്) & (ജി) | 05.10.2018 ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കുറ്റ്യാടി നാളികേര പാർക്കിനു വേണ്ടി ഏറ്റെടുത്ത ഭൂമിയിലെ ഇംപ്രൂവ്മെന്റിന്റെ വിലയിലെ അപാകത സംബന്ധിച്ചുള്ള മുൻ ഭൂവുടമകളുടെ പരാതി പരിശോധിക്കാൻ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദേശം നല്കിയിരുന്നു. കോഴിക്കോട് ജില്ലാ കളക്ടർ പ്രസ്തുത പരാതി വിശദമായി പരിശോധിക്കുകയും ഭൂവുടമകൾക്കു നല്കിയിട്ടുള്ള കോംപൻസേഷൻ നിലവിലെ വ്യവസ്ഥകൾക്കനുസരിച്ചാണെന്നും ഉത്തരവിറക്കുകയുണ്ടായി. ജില്ലാ കളക്ടറുടെ പ്രസ്തുത ഉത്തരവിനെതിരെ മുൻ ഭൂവുടമകൾ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| (ജി) | ഉണ്ടെങ്കിൽ കോടതിയുടെ പേര്, കേസ് നമ്പർ, എന്തിനു വേണ്ടിയാണ് കേസ് ഫയൽ ചെയ്തിരിക്കുന്നത് തുടങ്ങിയ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ